## 1132

ജീവിതയാത്രക്കാരാ! കാലടികളെങ്ങോട്ട്?
നാശത്തിൻ പാതയോ ജീവന്റെ മാർഗ്ഗമോ? ലക്ഷ്യം നിൻ മുമ്പിലെന്ത്?

1 അൻപി രൂപി യേശുനാഥൻ നിന്നെ വിളിക്കുന്നില്ലേ?
പോകല്ലേ നീ അന്ധനായി ലോകസൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കു മീതേ കർത്തൻ വിവരിച്ചതു കാണുന്നില്ലേ?
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ എൻ പൊന്മകനേ-

2 വൈഷമ്യമാം മേടുകളെ എങ്ങനെ നീ കടക്കും ?
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നു ചേരും?
നിൻ തോണിയിൽ കർത്തനേശുവുണ്ടോ?
നിൻ നാവിൽ പ്രാത്ഥനാ ഗാനമുണ്ടോ?
പുത്തൻ ഗാനങ്ങളും പാടിസ്തുതിക്കുവാൻ
ഹൃത്തടേ സ്വർഗ്ഗീയ ശാന്തിയുണ്ടോ ?

3 സ്വർഗ്ഗ പുരേ നീ കേൾക്കുന്നില്ലേ സീയോനിൻ ഗാനശബ്ദം?
വേണ്ടയോ നിൻ സ്വന്തമായി സ്വർഗ്ഗീയ സന്തോഷങ്ങൾ?
വാനത്തേരിൽ മേഘാരൂഢനായി വേഗം വരുന്നേശു രാജനവൻ
ചേർക്കുവാൻ നിന്നെയും ശുദ്ധരിൻ സംഘത്തിൽ
കണ്ണീരില്ലാ സ്വർഗ്ഗവാസം അതിൽ-